

**ടാറ്റാ കൺസൾട്ടൻസി സർവീസസ് കുട്ടികൾക്കായി സംഘടിപ്പിച്ച ഐടിവിഎസ് ക്വിസ് മത്സരത്തിൽ ജേതാക്കളായ തിരുവനന്തപുരം ലയോള സ്കൂളിലെ കാർത്തിക് പ്രകാശ് നായർക്കും അദ്വൈത് ശങ്കറിനും സതേൺ നേവൽ കമാൻഡിംഗ് ഫ്ളാഗ് ഓഫീസർ വൈസ് അഡ്മിറൽ കെ.എം. സുശീൽ ട്രോഫികൾ സമ്മാനിക്കുന്നു.**

# കാർത്തിക്കിനും അദ്വൈതിനും ജയം

കൊച്ചി: ടാറ്റാ കൺസൾട്ടൻസി സർവീസസ് കുട്ടികൾക്കായി സംഘടിപ്പിച്ച ഐടിവിഎസ് ക്വിസ് മത്സരത്തിൽ തിരുവനന്തപുരം ലയോള സ്കൂളിലെ കാർത്തിക് പ്രകാശ് നായരും അദ്വൈത് ശങ്കറും ജേതാക്കളായി. ഭവൻസ് ആദർശ വിദ്യാലയത്തിലെ അതുൽ ചാക്കോ ഫിലിപ്പും വികൃഷ്ണനുമാണ് രണ്ടാം സ്ഥാനം. വിജയികൾക്ക് സതേൺ നേവൽ കമാൻഡിംഗ് ഫ്ളാഗ് ഓഫീസർ വൈസ് അഡ്മിറൽ കെ.എം. സുശീൽ, ടിസിഎസ് കൊച്ചി മേധാവി സന്തോഷ് കുറുപ്പ് എന്നിവർ ചേർന്ന് ട്രോഫികൾ സമ്മാനിച്ചു.

കലൂർ ഗോകുലം കൺവെൻഷൻ സെന്ററിൽ നടന്ന മത്സരത്തിൽ സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 140 സ്കൂളുകളിൽ നിന്നായി 1200 ഓളം വിദ്യാർഥികൾ പങ്കെടുത്തു.